സമ്പൂർണ്ണ ശുചിത്വ മിഷന്റെ പ്രവർത്തനം

22 [696] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ശുചിത്വ മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സമ്പൂർണ്ണ ശുചിത്വ മിഷന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി അവയ്ക്ക് പ്രവർത്തന ലക്ഷ്യം നിശ്ചയിച്ച് നൽകാൻ തയ്യാറാകുമോ;

(ഡി) ശുചിത്വ മിഷൻ രൂപീകരിച്ചതിനുശേഷം അതിന്റെ പ്രവർത്തനത്തിൽ 2005 ഡിസംബർ 31 വരെ എന്ത് തുക ചെലവായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന തുക നഷ്ടപ്പെടാതെ ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ കേന്ദ്ര സഹായം ലഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

എല്ലാ ജില്ലകളിലും ടാർജറ്റ് നിശ്ചയിച്ച് നൽകുകയും അവ നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെയും ഗ്രാമ പഞ്ചായത്തിലെയും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഗുണഭോക്താക്കൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നുണ്ട്. ജില്ലാതലങ്ങളിലും സംസ്ഥാനതലത്തും റിവ്യൂ മീറ്റിംഗുകൾ നടത്തുന്നുണ്ട്.

(സി) ഓരോ ജില്ലയിലെയും സമ്പൂർണ്ണ ശുചിത്വ മിഷനുകൾക്ക് ഇപ്പോൾ തന്നെ പ്രവർത്തന ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. അത് സംസ്ഥാന മിഷന്റെ സഹായത്തോടെ കൃത്യമായി അവലോകനം ചെയ്ത് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ഡി)

2000-2001	₹ 10,69,034
2001-2002	₹ 19,75,255
2002-2003	₹ 28,55,093
2003-2004	₹ 25,20,787
2004-2005	₹ 25,29,501
(ഡിസംബർ 31, 2005 വരെ)	₹ 16,18,340
ആകെ	₹ 1,25,68,010

LIBRARY ARCHIVES Kerala Legislative Assembly